LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലാ ആശുപത്രിയിലെ സ്പെഷ്യലിസ്റ്റ് യൂണിറ്റുകൾ

155 [158] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ നിലവിൽ എത്ര സ്പെഷ്യലിസ്റ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ യൂണിറ്റിലും എത്ര ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭിക്കുന്നുണ്ടെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ജില്ലാ ആശുപത്രി എന്ന പരിഗണന നൽകി തസ്തിക സൃഷ്ടിച്ച് ഒഴിവുകളിൽ ഡോക്ടർമാരേയും അനുബന്ധ ജീവനക്കാരേയും നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എട്ട്.

(ബി) ഓരോ യൂണിറ്റിലും പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ വിവരങ്ങൾ താഴെകൊടുക്കുന്നു:

		സിവിൽ സർജൻ	അസി. സർജൻ
1.	ഗൈനോക്കോളജി ..	..	2
2.	മെഡിക്കൽ ..	1	1
3.	ഓർത്തോപീഡിക്സ് ..	1	1
4.	ഇ.എൻ.റ്റി. ..	1	1
5.	അനസ്തേഷ്യ ..	1	1
6.	സൈക്യാട്രി ..	1	..
7.	പീഡിയാട്രിക്സ് ..	2	..
8.	കണ്ണ് ..	2	..
9.	ഡർമറ്റോളജി ..	..	1

സർജറി, റേഡിയോളജി, ഫിസിക്കൽ മെഡിസിൻ എന്നീ വിഭാഗങ്ങളിൽ 3 ഡോക്ടർമാരുടെ ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാർ ജോലിചെയ്തു വരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളുടെയും നവീകരണത്തിനും ശക്തിപ്പെടുത്തലിനുമുള്ള സമഗ്രമായ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. അക്കൂട്ടത്തിൽ ഈ ആശുപത്രിയുടെ കാര്യവും വരുന്നുണ്ട്.

കാസർഗോഡ് ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിടത്തിലേക്കുള്ള മാറ്റം

156 [159] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിക്കു വേണ്ടി പണിത പുതിയ കെട്ടിടത്തിലേക്ക് ആശുപത്രി എപ്പോൾ മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;